(ബി) ഈ ഉൽപ്പന്നങ്ങളുടെ ഗുണ നിർണ്ണയം ചെയ്യാൻ വേണ്ട സംവിധാനം ഇപ്പോഴും ഏർപ്പെടുത്തിയിട്ടുണ്ടോ; ഇല്ലെങ്കിൽ അത് ഇപ്പോൾ എങ്ങനെ നിർവ്വഹിക്കുന്നു;

(സി) ക്ഷീരോൽപ്പന്നങ്ങളുടെ ഗുണനിർണ്ണയം ചെയ്യാൻ കാര്യക്ഷമമായി പ്രവർത്തിക്കുന്ന ഒരു സംവിധാനം ഏർപ്പെടുത്തുവാൻ ഇൻഡ്യൻ സ്റ്റാൻഡേർഡ് ഇൻസ്റ്റിറ്റ്യൂട്ടുമായി ആലോചിച്ചു വേണ്ട നടപടികളും സ്വീകരിക്കുമോ?

കൃഷി വകുപ്പു മന്ത്രി (ശ്രീ. എ. എൽ. ജേക്കബ്):

(എ) അപൂർവ്വം ചില സന്ദർഭങ്ങളിൽ വിതരണം ചെയ്ത പാൽ പിരിഞ്ഞു പോയതായി പരാതികളും ലഭിച്ചിട്ടുണ്ട്. അത്തരം അവസരങ്ങളിൽ പിരിഞ്ഞ പാലിന് പകരം നല്ല പാൽ കൊടുക്കുകയാണ് പതിവ്.

(ബി) എല്ലാ ഡയറികളിലും പാലിന്റെ ഗുണനിർണ്ണയത്തിനു വേണ്ടിയുള്ള സംവിധാനം ഇപ്പോഴും തന്നെ നിലവിലുണ്ട്.

(സി) ഇപ്പോഴത്തെ ഗുണനിർണ്ണയസംവിധാനം കൂടുതൽ കാര്യക്ഷമമാക്കുന്ന കാര്യം പരിഗണനയിലാണ്. ഇക്കാര്യത്തിൽ ആവശ്യമെന്നു കണ്ടാൽ ഇൻഡ്യൻ സ്റ്റാൻഡേർഡ് ഇൻസ്റ്റിറ്റ്യൂഷനുമായി ആലോചിക്കുന്നതാണ്.

ഐ. പി. ഡി. യൂണിറ്റുകൾ

*379 [398] ശ്രീ. റ്റി. എം. ജേക്കബ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പു മന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരളത്തിൽ ഇപ്പോൾ എത്ര ഐ. പി. ഡി. യൂണിറ്റുകൾ പ്രവർത്തിക്കുന്നുണ്ട്;

(ബി) എല്ലാ യൂണിറ്റുകളിലും ആവശ്യത്തിനുള്ള സ്റ്റാഫ് ഉണ്ടോ;

(സി) ഇല്ലെങ്കിൽ എന്നത്തേക്ക് എല്ലാ യൂണിറ്റുകളിലും സ്റ്റാഫിനെ നിയമിക്കുവാൻ സാധിക്കും;

(ഡി) ഈ വർഷം എത്ര യൂണിറ്റുകൾ ആരംഭിക്കുന്നതിന് ഉദ്ദേശിക്കുന്നുണ്ട്?

കൃഷി വകുപ്പു മന്ത്രി (ശ്രീ. എ. എൽ. ജേക്കബ്):

(എ) 489

(ബി) എല്ലാ യൂണിറ്റുകളിലും അവശ്യം വേണ്ട സ്റ്റാഫിന്റെ പ്രയോജനം ലഭിക്കത്തക്ക വിധത്തിൽ യൂണിറ്റ് ലവൽ അടിസ്ഥാ

LIBRARY ARCHIVES Kerala Legislative Assembly

നത്തിൽ ഡിപ്പാർട്ടുമെൻറൽ സ്റ്റാഫിൻെറ ഒരു പുനരേകീകരണം നടത്തിയിട്ടുണ്ട്.

(സി) കൃഷി വകുപ്പിൻെറ സമഗ്രമായ പുനഃസംഘടനയെ ഉദ്ദേശിച്ചുകൊണ്ടുള്ള ഒരു പദ്ധതി ഗവൺമെൻറിൻെറ പരിഗണനയിലുണ്ട്. അത് നടപ്പിലാക്കുന്നതോടുകൂടി സ്റ്റാഫിൻെറ കാര്യത്തിൽ എന്തെങ്കിലും കുറവുകൾ ഉണ്ടെങ്കിൽ അത് പരിഹരിക്കപ്പെടുമെന്ന് പ്രതീക്ഷിക്കുന്നു.

(ഡി) 100.

കേരള ലൈവ് സ്റ്റോക്ക് ഡെവലപ്മെൻറ് ആൻറ് മിൽക്ക് മാർക്കറിംഗ് ബോർഡ്

*380 [399] ശ്രീ. കെ. പി. വിശ്വനാഥൻ:

ശ്രീ. സ്റ്റീഫൻ പാട്ടുവ:

ശ്രീ. എൻ. പി. മൊയ്തീൻ:

ശ്രീ. സി. പി. ഗോവിന്ദൻ നമ്പ്യാർ:

ശ്രീ. കെ. പി. നൂറുദ്ദീൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പു മന്ത്രി സദയം മറുപടി നൽകുമോ;

(എ) കേരള ലൈവ് സ്റ്റോക്ക് ആൻറ് മിൽക്ക് മാർക്കറിംഗ് ബോർഡ് എന്നാണ് നിലവിൽ വന്നത്; അതിൻെറ പ്രവർത്തനത്തിന് എന്തു തുക ചെലവായി;

(ബി) ബോർഡിൻെറ പ്രവർത്തനത്തിൽ ഗവൺമെൻറിന് ലാഭമോ നഷ്ടമോ എത്ര;

(സി) നഷ്ടമാണെങ്കിൽ അതിന് കാരണമെന്ത്; നഷ്ടം പരിഹരിക്കുന്നതിന് എന്തു നടപടിയാണ് സ്വീകരിക്കുവാൻ ഉദ്ദേശിക്കുന്നത്;

(ഡി) ബോർഡ് നിലവിൽ വരുന്നതിനുമുമ്പ് ക്ഷീരോൽപ്പന്നങ്ങൾ വിതരണം ചെയ്യാൻ ഉണ്ടായിരുന്ന സംവിധാനം എന്തായിരുന്നു; ആ സമ്പ്രദായം ലാഭകരമായിരുന്നോ?

കൃഷി വകുപ്പു മന്ത്രി (ശ്രീ. എ. എൽ. ജേക്കബ്):

(എ) 1975 നവംബർ മാസത്തിലാണ് ബോർഡ് നിലവിൽ വന്നത്. ഇതിൻെറ പ്രവർത്തനത്തിനായി ഗവൺമെൻറിൽ നിന്നും 253.76 ലക്ഷം രൂപ ചെലവായിട്ടുണ്ട്.

(ബി, സി) ബോർഡിൻെറ വാർഷിക കണക്കുകൾ തയ്യാറാക്കുന്നതേയുള്ളു. കണക്കുകൾ തിട്ടപ്പെടുത്തിയതിനുശേഷം മാത്രമേ ലാഭനഷ്ടത്തെപ്പറ്റിയുള്ള ശരിയായ വിവരം നൽകാൻ കഴിയുകയുള്ളു.

LIBRARY ARCHIVES Kerala Legislative Assembly